"ഭരണഭാഷ– മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് – സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി – പട്ടികജാതി/ മത്സ്യതൊഴിലാളി വിഭാഗങ്ങളിൽ ഉൾപ്പെട്ട ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് "ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട്", "ഗുണഭോക്താക്കൾക്ക് 25 സെന്റിൽ കൂടുതൽ ഭൂമിയുണ്ടാകരുത്" എന്നീ ലൈഫ് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1946/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 06/09/2019

---

പരാമർശം:- 1 സ.ഉ (എം.എസ്) നം.151/17/ത.സ്വ.ഭ.വ തീയതി 31/07/2017.

2. 05/08/2019 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ലൈഫ് മിഷൻ അവലോകന യോഗ മിനിട്ട്സ്.

**<u>ഉത്തരവ്</u>**

പരാമർശം(2)യോഗ നടപടിക്കുറിപ്പിലെ തീരുമാനം (4) ന്റെ അടിസ്ഥാനത്തിൽ, പട്ടികജാതി/ മത്സ്യതൊഴിലാളി വിഭാഗങ്ങളിൽ ഉൾപ്പെട്ട ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് പരാമർശം (1) ഉത്തരവിലെ"ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട്", "ഗുണഭോക്താക്കൾക്ക് 25 സെന്റിൽ കൂടുതൽ ഭൂമിയുണ്ടാകരുത്" എന്നീ ലൈഫ് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഇതുപ്രകാരം ഈ വിഭാഗത്തിൽ ഉൾപ്പെട്ടവരിൽ ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടിരുന്നവരായിരുന്നാലും അവർ വ്യത്യസ്ത വീടുകളിൽ താമസിക്കുന്നവരോ ഒരേ വീട്ടിൽ താമസിക്കുന്നുവെങ്കിലും വ്യത്യസ്ത അടുക്കളകളിൽ വെവ്വേറെയായി ഭക്ഷണം തയ്യാറാക്കി കഴിക്കുന്നവരോ ആയവരെയും വിവാഹം കഴിഞ്ഞു ഒരു വർഷത്തിലേറെയായിട്ടു സ്വന്തമായി വീടില്ലാത്തതു കൊണ്ടു മാത്രം മറ്റു വീടുകളിലോ തങ്ങളെ ആശ്രയിച്ചു കഴിയുന്നവരല്ലാത്ത മാതാപിതാക്കളോടൊപ്പമോ താമസിക്കുന്നവരേയും വ്യത്യസ്ത കുടുംബമായി പരിഗണിച്ച് അവർക്ക് ഭവന നിർമ്മാണ ധനസഹായം നൽകാവുന്നതാണ്.

2.പട്ടികജാതി / പട്ടികവർഗ്ഗ, ഫിഷറീസ് വകുപ്പുകൾ അതാത് വകുപ്പിലെ ഭൂമിയുള്ള ഭവന രഹിതർ / ഭൂരഹിത ഭവന രഹിതർ എന്നിവരിൽ അർഹതയുള്ള

ഗുണഭോക്താക്കളുടെ ലിസ്റ്റ് ലൈഫ് മിഷന് കൈമാറേണ്ടതും ലൈഫ് മിഷൻ ടി ഗുണഭോക്താക്കളെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യം ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും

എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് മാർക്കും സെക്രട്ടറിമാർക്കും

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി / പട്ടിക വർഗ്ഗ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു; മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പട്ടികജാതി പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എല്ലാ സെക്ഷനുകൾക്കും.